യോഗത്തിൽ ആധ്യക്ഷ്യംവഹിച്ച കേരള മുഖ്യമന്ത്രി ശ്രീ കരുണാകരനോട്ട് കേശവമേനോൻ എന്തു പറയുമായിരുന്നു? കേരളത്തിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന, 'റഫറിയും നിയമങ്ങളുമില്ലാത്ത രാഷ്ട്രീയക്കളി'യെപ്പററി എന്തഭിപ്രായമാണ് കേശവമേനോന് ഉണ്ടായിരിക്കുക? രാഷ്ട്രീയത്തിൻെറ പേരിൽ പരസ്യമായി നടക്കുന്ന മുതലെടുപ്പിനെപ്പററി, പൊതുഭരണശരീരത്തിൽ ക്യാൻസർപോലെ വ്യാപിച്ചുകഴിഞ്ഞിട്ടുള്ള കൈക്കൂലിയെപ്പററി, പരസ്പരം കുത്തി ചോര വാർക്കുന്ന യുവജനങ്ങളെപ്പററി, സാർവത്രികമായ അച്ചടക്കരാഹിത്യത്തെപ്പററി, നിരർത്ഥകങ്ങളായ പണിമുടക്കുകളെപ്പററി, ഇതൊന്നും കാണാതെ, വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ എങ്ങനെ ഭൂരിപക്ഷം വോട്ടു നേടാമെന്നതിൽമാത്രം കണ്ണുനട്ടിരിക്കുന്ന വൈക്കോൽ നേതാക്കളെപ്പററി, രാജ്യത്തിനകത്തെ കടുത്ത ധർമലോഭത്തെപ്പററി, ശതായുസ്സായ കേശവമേനോൻ എന്താവാം ചിന്തിച്ചിരിക്കുക?

ഉള്ളിൽ ഒന്നിരിക്കെ മറെറാന്നു പറയുവാൻ കേശവമേനോൻ ശീലിച്ചിരുന്നില്ല. പറയണമെന്നു തനിക്കു തോന്നിയതു് ആരുടെ മുഖത്തു നോക്കിയും പറയാൻ ആവശ്യമായ ധീരത—സാഹസികത എന്നുതന്നെ പറയാം—ആയിരുന്നു അദ്ദേഹത്തിൻെറ സവിശേഷത.

പക്ഷേ, കേരളത്തിലെ ഇന്നത്തെ രാഷ്ട്രീയക്കാരോടു് എന്തു പറയാനാണു്, പ്രത്യേകിച്ചും കോൺഗ്രസ്സുകാരോടു്! ഇപ്പോഴം ജീവിച്ചിരുന്നുവെങ്കിൽ, കേശവമേനോൻ തൻെറ ശതാബ്ദിയാഘോഷത്തിൽ സന്നിഹിതനാവാൻ വിസമ്മതിച്ചേനെ എന്നാണു്, വളരെക്കാലത്തോളം അദ്ദേഹത്തോടു് വളരെ അടുത്തു പെരുമാറുവാൻ ഭാഗ്യം കൈവന്നിട്ടുള്ള എനിക്കു തോന്നുന്നതു്.

ഇനി, അഥവാ, പരിസ്ഥിതികളുടെ സമ്മർദംമൂലം (രാഷ്ട്രപതിയെ ബഹുമാനിക്കണമല്ലൊ!) ആ പൊതുയോഗത്തിൽ സന്നിഹിതനാകാൻ നിർബന്ധിതനായെങ്കിൽ, തികച്ചും നിശ്ശബ്ദനായ അദ്ദേഹത്തിൻെറ കാഴ്ച എന്നെന്നേക്കുമായി നശിച്ച കണ്ണുകളിൽനിന്നു് അഗാധവേദനമൂലം ഉരുകിയൂറുന്ന കണ്ണുനീർ ധാരധാരയായി ഒഴുകുന്നതു രാഷ്ട്രീയതിമിരം ബാധിച്ചുകഴിഞ്ഞിട്ടില്ലാത്ത സദസ്യർ തീർച്ചയായും കാണുമായിരുന്നു!

(28 സെപ്തംബർ, 1986)

# 63. സാന്ത്വന സാഹിത്യം

1952 മുതൽ 1968 വരെ, പതിനാറു വർഷങ്ങളോളം കേശവമേനോൻെറ സഹപ്രവർത്തകനും സന്തതസഹചാരിയുമായിരിക്കുവാനുള്ള ഭാഗ്യം എനിക്കു കൈവന്നിരുന്നു. 1968–നു ശേഷം 1978 നവംബറിൽ കേശവമേനോൻ അന്തരിക്കുന്നതുവരെ, അദ്ദേഹത്തോടു് എനിക്കുള്ള ബന്ധം അവിച്ഛിന്നംതന്നെയായിരുന്നു. മാതൃഭൂമി പത്രത്തിൻെറ നടത്തിപ്പിനു പുറമെ, ഐക്യ കേരളക്കമ്മററി, സാഹിത്യ അക്കാദമി, തുഞ്ചൻ സ്മാരകക്കമ്മററി മുതലായ വേറെയും പല കർമമേഖലകളിലും അദ്ദേഹവുമായി വളരെ അടുത്തു് ഇടപഴകാൻ എനിക്കു് അവസരമുണ്ടായിട്ടുണ്ടു്. സ്വന്തം കുടുംബത്തിലെ ഒരംഗത്തോടെന്നപോലെയാണു് കേശവമേനോൻ എന്നോടു പെരുമാറിവന്നിട്ടുള്ളതു്. കേശവമേനോൻെറ അദ്വിതീയമായ വ്യക്തിത്വത്തിൻെറ വിശദാംശങ്ങളടങ്ങിയ വർണോജ്ജ്വല

മായ ചിത്രം എൻെറ ഹൃദയത്തിൽ ആലേഖനംചെയ്യപ്പെട്ടിട്ടുള്ളതിന്ന് ഇന്നും മങ്ങലേററിട്ടില്ല.

കേശവമേനോൻെറ ദീർഘകാല സുഹൃത്തായിരുന്ന കെ. പി. എസ്. മേനോൻ അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുള്ളത് 'പല മുഖങ്ങളുള്ള ഒരു മനുഷ്യൻ' എന്നാണ്. പണ്ഡിതൻ, ചിന്തകൻ, രാഷ്ട്രീയപ്രവർത്തകൻ, രാജ്യതന്ത്രജ്ഞൻ, മനുഷ്യസ്നേഹി, കർമനിരതൻ, സ്വപ്നജീവി—ഇതെല്ലാമായിരുന്ന ജവാഹർലാൽ നെഹ്റുവിന്നെന്നപോലെ കേശവമേനോനും വിവിധങ്ങളായ താത്പര്യങ്ങളുണ്ടായിരുന്നു എന്നും, രാഷ്ട്രീയം, സാമൂഹ്യം, സാംസ്കാരികം, സാഹിത്യപരം തുടങ്ങിയ ജീവിതത്തിൻെറ എല്ലാ മേഖലകളിലും കേശവമേനോൻ മായാത്ത മുദ്ര പതിച്ചിട്ടുണ്ടെന്നും കെ. പി. എസ്. മേനോൻ അഭിപ്രായപ്പെടുന്നു. അദ്ദേഹം ഇങ്ങനെ തുടരുന്നു:

'കേശവമേനോന്ന് ഏററവും അധികം സാമ്യമുള്ളത് കൺഫ്യൂഷസിനോടാണെന്ന് ഞാൻ പലപ്പോഴും വിചാരിക്കാറുണ്ട്. താൻ ഒരു ദൈവമോ, ദൈവപ്രവാചകനോ, ഇന്നു പ്രചാരത്തിലുള്ള ഒരു പദം ഉപയോഗിക്കുകയാണെങ്കിൽ 'ദൈവ മനുഷ്യനോ,' ആണെന്ന് കൺഫ്യൂഷസ് ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. പക്ഷേ, അദ്ദേഹം മഹാനായ ഒരദ്ധ്യാപകൻ ആയിരുന്നു; ലോകം കണ്ടതിൽവെച്ച് ഏററവും വലിയ അദ്ധ്യാപകരിൽ ഒരാൾ. മതപ്രവാചകനല്ലെങ്കിലും, സഹജീവികളുമായി എങ്ങനെയാണു സമാധാനത്തോടും മാന്യതയോടും മര്യാദയോടുംകൂടി ജീവിക്കേണ്ടതെന്നു, മററാരെക്കാളും നന്നായി, മനുഷ്യരെ കൺഫ്യൂഷസ് പഠിപ്പിച്ചു. മററ് ഏതു പ്രവാചകനേക്കാളും, മനുഷ്യൻെറമേൽ ഒരു മാനുഷിക സ്വാധീനവും സമുദായത്തിന്മേൽ ഒരു സ്ഥിരീകരണ സ്വാധീനവും കൺഫ്യൂഷസിന്ന് ഉണ്ടായിട്ടുണ്ട്. ഒരു വാർത്താവിതരണോപാധിയായി മാത്രമല്ല, ജനങ്ങളെ പഠിപ്പിക്കാനുള്ള ഒരു ഉപകരണമായിക്കൂടിയാണ് കേശവമേനോൻ 'മാതൃഭൂമി'യെ വിഭാവനംചെയ്തത്. ഒരു നല്ല മനുഷ്യനും നല്ല പൗരനും ആവശ്യമായ പ്രാഥമികഗുണങ്ങൾ അദ്ദേഹം ജനങ്ങൾക്ക് ഉരുവിട്ടുകൊടുത്തു. ഇതുതന്നെയായിരുന്നു കൺഫ്യൂഷസിൻെറയും കർമം. 'അത്ഭുതമനുഷ്യൻ', 'വന്ദ്യവയോധികനായ കാരണവർ', 'ഭൂമിയിലൊരു പുണ്യവാളൻ' എന്നിങ്ങനെ കേശവമേനോനു നൽകിയിട്ടുള്ള അപദാനങ്ങളുടെ കൂട്ടത്തിൽ ഞാനൊന്നു ചേർക്കട്ടെ: 'കേരളത്തിലെ കൺഫ്യൂഷസ്'' (നവതിപ്രണാമം, പേജ് XII, XIII).

കേശവമേനോൻെറ വൈചിത്ര്യമാർന്ന വ്യക്തിത്വത്തെ സമഗ്രമായും ഉദ്ഗ്രഥിതമായും നിരീക്ഷിക്കുന്നതിന്ന് അനുപേക്ഷണീയമായ പരിപ്രേക്ഷ്യമാണ്, അത്ഭുതാവഹമായ ഉൾക്കാഴ്ചയോടെ, കെ. പി. എസ്. മേനോൻ ഇവിടെ നമുക്കു നൽകുന്നത്. കേശവമേനോനെപ്പററി ചിന്തിക്കുമ്പോൾ, രാഷ്ട്രീയനേതാവെന്നനിലയിൽ അദ്ദേഹം ചെയ്ത പരിശ്രമങ്ങളായിരിക്കും പലരുടെയും സ്മരണയിൽ ആദ്യമായി ഉദിച്ചുയരുക. ബാരിസ്റ്റർ പരീക്ഷ പാസ്സായി 1915—ൽ കോഴിക്കോട്ടുവന്നു പ്രാക്ടീസ് ആരംഭിച്ചപ്പോൾത്തന്നെ കേശവമേനോൻ കോൺഗ്രസ്സിൻെറയും ഹോംറൂൾ ലീഗിൻെറയും പ്രവർത്തനത്തിൽ ആകണ്ഠം മുഴുകിക്കഴിഞ്ഞിരുന്നു. ഈ പ്രവർത്തനത്തിൻെറ ഒരു ഭാഗമായിരുന്നു വൈക്കം സത്യഗ്രഹത്തിൽച്ചെന്നെത്തിയ അയിത്തോച്ചാടനപരിശ്രമങ്ങളെങ്കിൽ, വിദൂരവ്യാപകമായ ഫലം ഉളവാക്കിയ മാതൃഭൂമി പത്രത്തിൻെറ സ്ഥാപനമായിരുന്നു അതിൻെറ മറെറാരു ഭാഗം. 1927 മുതൽ 1948 വരെ മലയയിൽ കഴിച്ചുകൂട്ടിയ ഇരുപത്തൊന്നു വർഷങ്ങളിലും, ഇന്ത്യയിലെ സ്വാതന്ത്ര്യസമരവുമായി അദ്ദേഹം നിരന്തരം ബന്ധപ്പെട്ടിരുന്നു. 1948—ൽ ഇന്ത്യയിൽ മടങ്ങിയെത്തിയശേഷം, മലയാളം സംസാരിക്കുന്ന ജനങ്ങൾ

പാർക്കുന്ന പ്രദേശങ്ങൾ സംയോജിപ്പിച്ച് കേരള സംസ്ഥാനം രൂപവൽക്കരിക്കുന്നതിനുവേണ്ടി നടന്ന പ്രക്ഷോഭണത്തിന്റെ നേതൃത്വം വഹിച്ചതും അദ്ദേഹമായിരുന്നു.

മഹാനായ പത്രാധിപർ എന്നതായിരിക്കാം മററു ചിലരുടെ മനസ്സുകളിൽ കേശവമേനോനെപ്പററിയുള്ള ചിത്രം. സ്വാതന്ത്ര്യസമരത്തിൽ മൂർച്ചയേറിയ ഒരായുധമായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി കേശവമേനോൻ ആരംഭിക്കുകയും, ദീർഘകാലം ആധിപത്യം വഹിക്കുകയും ചെയ്ത 'മാതൃഭൂമി' പത്രം കേരളത്തിന്റെ ആധുനികീകരണത്തിൽ വഹിച്ച പങ്കു നിസ്തുല്യമാണ്. കേരളീയരുടെ രാഷ്ട്രീയബോധത്തെ ഉദ്ദീപിപ്പിക്കുന്നതോടൊപ്പം 'മാതൃഭൂമി' മലയാളഭാഷയെയും സാഹിത്യത്തെയും വികസിപ്പിക്കുകയും, ആധുനികചിന്തയുടെ വികസ്വരചക്രവാളങ്ങളിലേക്കു വായനക്കാരെ നയിക്കുകയുംചെയ്തു.

പ്രശസ്തനായ ഒരു സാഹിത്യകാരനെന്ന നിലയിൽ കേശവമേനോനെ മനസ്സിലാക്കിയവർ കുറവായിരിക്കുകയില്ല. 'കഴിഞ്ഞകാലം' എന്ന അദ്ദേഹത്തിന്റെ ആത്മകഥ ആ സാഹിത്യവിഭാഗത്തിൽ ഒരു അനന്വയമായി നിലകൊള്ളുന്നു. മലയാളത്തിന്റെ ജീവചരിത്രശാഖയ്ക്കു കേശവമേനോൻ നൽകിയ സംഭാവന നിസ്തുലമാകുന്നു. രാഷ്ട്രീയവും സാമൂഹ്യവും ദാർശനികവുമായ വിഷയങ്ങളെപ്പററി അദ്ദേഹം എഴുതിയ പ്രബന്ധങ്ങൾ ഒട്ടവളരെയുണ്ടു്. താനെഴുതിയ മുപ്പത്തിരണ്ടു ഗ്രന്ഥങ്ങളുടെ സംഖ്യകൊണ്ടുതന്നെ കേശവമേനോൻ സമകാലിക സാഹിത്യകാരന്മാക്കിടയിൽ എത്രയോ ഉയർന്നുനിൽക്കുന്നു.

മികച്ച ഒരു സംഘാടകനായിരുന്നു കേശവമേനോൻ. സംഘടനകൾ കെട്ടിപ്പടുക്കാനും, അവയിലൂടെ പ്രവർത്തിക്കാനും, അവയെക്കൊണ്ടു പ്രവർത്തിപ്പിക്കാനും അദ്ദേഹത്തിനു് അതിയായ സാമർത്ഥ്യമുണ്ടായിരുന്നു. കോൺഗ്രസ്സ് സംഘടനാപ്രവർത്തനം അദ്ദേഹത്തിലുള്ള സംഘാടകനെ ആദ്യമായി വെളിപ്പെടുത്തി. മലബാറിലെ ഓരോ വീട്ടിലും കോൺഗ്രസ്സിന്റെ സന്ദേശം ആദ്യമായി എത്തിച്ചതു് അദ്ദേഹമായിരുന്നു. മദ്രാസിൽ അദ്ദേഹം തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ നേതൃത്വം വഹിച്ചു. മലയയിൽ അദ്ദേഹം ഇന്ത്യൻ ഇൻഡിപ്പെൻഡൻസ് ലീഗുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു. ഐക്യ കേരള കമ്മററിയുടെ അദ്ധ്യക്ഷൻ അദ്ദേഹമായിരുന്നു. കേരള സാഹിത്യ അക്കാദമി, ദക്ഷിണഭാഷാ ബുക്ക്ട്രസ്റ്റ്, മലബാർ ലോക്കൽ ലൈബ്രറി അതോറിററി, കോഴിക്കോട് റോട്ടറി ക്ലബ്ബ് മുതലായ പല സംഘടനകളുടെയും പ്രവർത്തനങ്ങൾക്കു് അദ്ദേഹം നേതൃത്വം നൽകി. 'പൗരസംഘം' എന്ന പേരിൽ ഒരു അരാഷ്ട്രീയ—സേവനസംഘം രൂപവത്കരിക്കാനും അദ്ദേഹം പരിശ്രമിക്കുകയുണ്ടായി. തിരൂർ തുഞ്ചൻ സ്മാരകം അദ്ദേഹത്തിന്റെ നിസ്തുല പ്രവർത്തനത്തിന്റെ ഫലമായി രൂപം കൊണ്ടതാണ്.

ഇങ്ങനെ പല മണ്ഡലങ്ങളിൽ പ്രവർത്തിക്കുമ്പോഴും കേശവമേനോൻ നിർവഹിച്ചിരുന്ന മുഖ്യ ഭൂമിക മഹാനായ ഒരു അദ്ധ്യാപകന്റേതായിരുന്നു. കേശവമേനോൻ കോൺഗ്രസ്സിന്റേയും ഹോംറൂൾ ലീഗിന്റേയും സെക്രട്ടറിയായിരുന്ന കാലത്തു് രാഷ്ട്രീയപ്രവർത്തനം അധികാരത്തിലേക്കല്ല, ത്യാഗത്തിലേക്കും അവസാനമില്ലാത്ത ക്ലേശങ്ങളിലേക്കുമാണ് പ്രവർത്തകരെ നയിച്ചിരുന്നതു്. ജനങ്ങളെ ഉദ്ബുദ്ധരാക്കുക, അവരുടെ ഹൃദയങ്ങളിൽ ആത്മാഭിമാനം ഉദ്ദീപിപ്പിക്കുക, അവർക്കു് ധൈര്യം പകരുക, ജനാധിപത്യത്തിന്റേയും സമത്വത്തിന്റേയും മാനുഷികമായ അന്തസ്സിന്റേയും പാഠങ്ങൾ അവരെ പഠിപ്പിക്കുക, ഇതൊക്കെയായിരുന്നു അന്നത്തെ രാഷ്ട്രീയപ്രവർത്തനം. രാഷ്ട്രീയ

പ്രവർത്തകൻ അന്ന ശരിയായ അർത്ഥത്തിൽ ജനങ്ങളുടെ അദ്ധ്യാപകനായിരുന്നു. ഇന്ത്യയുടെ രാഷ്ട്രീയ നവോത്ഥാനത്തെ അതിന്റെ എല്ലാ മാനങ്ങളോടുംകൂടി കേരളീയഹൃദയങ്ങളിൽ സ്ഥിരമായി പ്രതിഷ്ഠിച്ചു എന്നതാണ് കേശവമേനോന്റെ ഏററവും പ്രധാനമായ സംഭാവന. 1947—ൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയശേഷം അധികാരത്തിൽ ആരൂഢമായ കോൺഗ്രസ് പാർട്ടിയിൽ അംഗമാവുകയോ സക്രിയ രാഷ്ട്രീയത്തിൽ പങ്കെടുക്കുകയോചെയ്തില്ല അദ്ദേഹമെന്നതു് അർത്ഥവത്താണ്. അധികാരരാഷ്ട്രീയത്തിൽ അദ്ദേഹത്തിനു താല്പര്യമുണ്ടായിരുന്നില്ല. നെഹ്റു വിളിച്ചു നൽകിയ സിലോണിലെ ഇന്ത്യൻ ഹൈക്കമ്മീഷണറുദ്യോഗം പതിനഞ്ചു മാസക്കാലമേ അദ്ദേഹം വഹിക്കുകയുണ്ടായുള്ളു. രാഷ്ട്രീയത്തിൽ, ഒരു അദ്ധ്യാപകന്റെയല്ലാതെ ശിഷ്യന്റെ ഭൂമിക നിർവഹിക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല എന്നതാണ് കേശവമേനോന്റെ ഔദ്യോഗികജീവിതത്തിന്റെ ഈ അതിഹ്രസ്വതയ്ക്കു കാരണം. ആദർശത്തിൽ വിട്ടുവീഴ്ചയ്ക്കു് അദ്ദേഹം സന്നദ്ധനായിരുന്നില്ല.

പത്രപ്രവർത്തകനെന്ന നിലയിൽ, അദ്ധ്യാപകനല്ലെങ്കിൽ മററൊന്നുമായിരുന്നില്ല കേശവമേനോൻ. വിനോദനം, വാർത്താവിതരണം, ഉദ്ബോധനം എന്നീ മൂന്നു ലക്ഷ്യങ്ങളാണ് പത്രപ്രവർത്തനത്തിനുള്ളതെന്നു് സാധാരണ പറയാറുള്ളതിൽ ഉദ്ബോധനത്തിലായിരുന്നു എന്നും കേശവമേനോന്റെ ഊന്നൽ. കേശവമേനോൻ പത്രാധിപരായിരുന്നകാലത്തു്, പത്രത്തിലെ വാർത്തകരംക്കുള്ളത്രയോ അതിലധികമോ പ്രാധാന്യം അതിലെ മുഖപ്രസംഗങ്ങരംക്കുണ്ടായിരുന്നു. ഏറെക്കുറെ മുഖപ്രസംഗങ്ങരംക്കു തുല്യമായ സ്ഥാനം മുഖപ്രസംഗപ്പേജിൽ (ഓപ്എഡ്) ചേർക്കുന്ന പ്രബന്ധങ്ങരംക്കും നൽകപ്പെട്ടിരുന്നു. മുഖപ്രസംഗങ്ങരം, പലപ്പോഴും ഒരു ലക്കത്തിൽ അവസാനിക്കാതെ പല ലക്കങ്ങളിൽ തുടർന്നുപോകുന്ന പ്രക്ഷോഭണപരിപാടികരം (ക്യാമ്പെയിനുകരം) ആയിരുന്നു. മുഖപ്രസംഗങ്ങരം അടുത്തുചേർക്കുന്ന പ്രബന്ധങ്ങളിലേക്കു പലപ്പോഴും കവിഞ്ഞൊഴുകിയിരുന്നു. ഇതിനു പുറമേ, വാർത്തകളുടെ തിരഞ്ഞെടുപ്പിലും അവ പ്രസിദ്ധപ്പെടുത്തുന്ന രീതിയിലും, അവയ്ക്കു നൽകപ്പെടുന്ന തലക്കെട്ടുകളിലും എല്ലാം ഉദ്ബോധനമെന്ന ലക്ഷ്യം ഏററവും പ്രകടമായിരുന്നു. ഇതൊന്നും പോരാഞ്ഞു്, ആഴ്ചതോറും സ്വന്തം പേരുവെച്ചു് ഉദ്ബോധകങ്ങളായ ലേഖനങ്ങരം പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിലും അദ്ദേഹത്തിന് അതിയായ താല്പര്യം ഉണ്ടായിരുന്നു; 'നിഷ്ഠ' എന്നു വിളിക്കത്തക്ക വിധത്തിൽ രൂഢമൂലമായി, പിന്നെപ്പിന്നെ ഈ താല്പര്യം.

പത്രപ്രവത്തനത്തിന്റെ ഒരു കവിഞ്ഞൊഴുകൽ ആയിരുന്നു കേശവമേനോന്റെ സാഹിത്യം. പത്രപ്രവർത്തനവും സാഹിത്യവും തമ്മിൽ വേർതിരിക്കേണ്ടതുണ്ടെന്നു് കേശവമേനോൻ കരുതിയിരുന്നതായി തോന്നുന്നില്ല. വിപുലമായ കേശവമേനോന്റെ സാഹിത്യ—സമുച്ചയത്തിൽ ശുദ്ധസർഗാത്മക കൃതികരം ഇല്ലെന്നുതന്നെ പറയാം. ഏതാനും ചെറുകഥകളും ഒരു നാടകവും അദ്ദേഹം രചിച്ചിട്ടുണ്ട്. പ്രസിദ്ധീകരിക്കാത്ത ഒരു നോവലും അദ്ദേഹത്തിന്റെ വകയായുണ്ട്. എങ്കിലും ഇവയെല്ലാംതന്നെ ഉദ്ബോധനപരമായ പ്രാധാന്യമാണുള്ളതു്. മഹാത്മാഗാന്ധിയുടെ ജീവചരിത്രത്തിന്റെ രംഗാവിഷ്കരണം മാത്രമാണ് അദ്ദേഹത്തിന്റെ നാടകം. ആ നിലയ്ക്കുള്ള പ്രാധാന്യമേ അതിനുള്ളു. അദ്ദേഹത്തിന്റെ ചെറുകഥകളുടെ ലക്ഷ്യം ചില ലോകതത്ത്വങ്ങളെ മൂർത്തമായി ഉദാഹരിച്ചുകാണിക്കൽ മാത്രമാണ്. അപ്രകാശിതമായ നോവലിന്റെ സ്ഥിതിയും മററൊന്നല്ല.

സാഹിത്യരൂപങ്ങളിൽവെച്ച് ഏറ്റവുമധികം ആത്മാവിഷ്കാര പരമായിരിക്കുന്ന ഒന്നാണല്ലോ ആത്മകഥ. കേശവമേനോന്റെ ആത്മ കഥയായ 'കഴിഞ്ഞകാലം' ആത്മാവിഷ്കാരത്തിൽ ഒരു കുറവും വരു ത്തിയിട്ടില്ല. അതേസമയം, വായനക്കാരനെ മനുഷ്യാനുഭൂതിയുടെ വിശാലമേഖലകളിലേക്കു നയിക്കുകയും, വിധിയുടെ ഉത്തുംഗതക ളോടൊപ്പം അത്യഗാധതകൾകൂടി അയാൾക്കു കാട്ടിക്കൊടുക്കുകയും, സുഖദുഃഖങ്ങളുടെ അനിവാര്യതയെപ്പറ്റിയും, അർപ്പിതജീവിതത്തി ന്റെ ഉദാത്തതയെപ്പറ്റിയും, മനോവാഗതീതമെങ്കിലും സുനിശ്ചിത മായ മാനവമഹാഭാഗധേയത്തെപ്പറ്റിയും, വിശദമായ ബോധം അയാ ളിൽ ഉളവാക്കുകയുംചെയ്യുന്ന ഈ കൃതിയുടെ ഉദ്ബോധനപരമായ പ്രാധാന്യത്തെപ്പറ്റി എത്ര പറഞ്ഞാലും അധികമാവുകയില്ല. ശ്രീ സുകു മാർ അഴീക്കോട് 'കഴിഞ്ഞകാല'ത്തെപ്പറ്റി ഇങ്ങനെ എഴുതിയിട്ടുണ്ട്:

'ഈ കൃതിയുടെ പുറങ്ങൾ വായിച്ചുനീങ്ങുംതോറും ഒരു പുസ്തകം വായിക്കുന്നുവെന്ന പ്രതീതി ക്രമേണ അസ്തമിച്ചുവരുന്നതും, കർമനിർമ ലമായ ഒരു മഹാജീവിതത്തെ നേരിട്ടു കണ്ടനുഭവിക്കുന്ന ഒരു തോന്നൽ പതുക്കെ ഉണ്ടായിവരുന്നതും നമുക്കു സ്വയം അറിയാറാവും. ഈ പ്രതീ തി എന്തിന്റെ വിജയമാണെന്ന് എനിക്കു നിശ്ചയമില്ല—എഴുത്തി ന്റേതോ, ജീവിതത്തിന്റേതോ? എഴുതിയതു് വാക്കല്ലെന്നും ജീവിത മാണെന്നും തോന്നിക്കുകയാണ് സാഹിത്യത്തിന്റെ ധർമമെന്ന് സാഹി ത്യമീമാംസകന്മാർ പറയും. അതു ശരിയാണെങ്കിൽ, 'കഴിഞ്ഞകാല' ത്തിന്റെ വിജയം അതിന്റെ രചനയുടെ വിജയമാണ് എന്ന് പറയേ ണ്ടിവരും. പക്ഷേ, വേറൊരു വാദവുമുണ്ടെന്നു മറന്നുകളയരുതു്. ആ തോന്നൽ ഉണ്ടാക്കത്തക്കവണ്ണം എഴുതാൻ കഴിയണമെങ്കിൽ, സത്യനിഷ്ഠ മായ ഒരു മഹാജീവിതം നയിച്ച ഒരാൾക്കേ കഴിയുകയുള്ളു. അങ്ങനെ വരുമ്പോൾ, ആ രചനാവിജയത്തിനും അടിസ്ഥാനം ജീവിതമാഹാത്മ്യ മാണെന്നു സമ്മതിക്കേണ്ടിവരും.'

സ്വന്തം ജീവിതകഥ ഏതുദ്ദേശ്യം മുൻനിർത്തി എഴുതിയോ, അതേ ഉദ്ദേശ്യം മുൻനിർത്തിത്തന്നെയാണ് കേശവമേനോൻ മററു പലരുടേയും ജീവചരിത്രങ്ങൾ എഴുതിയതു്. അദ്ദേഹത്തിന്റെ സാഹിത്യജീവിതം ആരംഭിച്ചതുതന്നെ 1908–ൽ ലാലാ ലാജ്പത് റായിയുടെ പ്രേരണാ ദായകമായ ജീവിതം വിഷയമാക്കി എഴുതിയ ഒരു ലഘുഗ്രന്ഥത്തോടെ യാണ്. പിന്നീട് ഗോഖലേ (1915), തിലക് (1916), ഗാന്ധി (1920) എന്നീ രാഷ്ട്രനായകന്മാരുടെ ലഘു ജീവചരിത്രങ്ങൾ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചു. മലബാറിൽ കോൺഗ്രസ് പ്രചാരവേല യുടെ ഒരു ഭാഗമായിരുന്നു ഈ ഗ്രന്ഥങ്ങളുടെ നിർമാണം. ഇന്ത്യ സ്വാത ന്ത്ര്യം നേടിക്കഴിഞ്ഞതിനുശേഷം, ഗാന്ധി, നെഹ്റു, യേശുക്രിസ്തു, ലിങ്കൺ എന്നിവരുടെ പൂർണ ദൈർഘ്യ ജീവചരിത്രങ്ങളും എത്രയോ അധികം ഹ്രസ്വജീവചരിത്രങ്ങളും അദ്ദേഹം എഴുതി. തന്റെ സമ കാലികരിൽ പലരെയും ഈ ജീവചരിത്രങ്ങളിലൂടെ കേശവമേനോൻ ശാശ്വതീകരിച്ചു. ആകെ ഒരുനൂററിമുപ്പത്തെട്ടു ജീവചരിത്രങ്ങൾ അദ്ദേ ഹം എഴുതിയിട്ടുണ്ട്.

വായനക്കാരുടെ അഭിരുചികളെ സംസ്കരിക്കുന്നതിലും, അനുക രണീയങ്ങളായ മാതൃകകൾ അവരുടെ മുമ്പിൽ പ്രതിഷ്ഠിക്കുന്നതിലും, നിരന്തരമായ കർമത്തിലൂടെ ജീവിതവിജയം നേടുവാൻ അവരെ പ്രേരി പ്പിക്കുന്നതിലും ജീവചരിത്രങ്ങൾക്കുള്ള കഴിവ് മറേറതൊരു സാഹിത്യ ശാഖയ്ക്കുമില്ലെന്ന വിശ്വാസം കേശവമേനോന് ഉണ്ടായിരുന്നു. ജീവ ചരിത്രഗ്രന്ഥങ്ങൾ വായിക്കുന്നതിൽ തനിക്ക് എന്നുമുണ്ടായിരുന്ന താല്പര്യം വായനക്കാർക്കും കാണാതിരിക്കയില്ലെന്ന് അദ്ദേഹം കരുതി.

വായിക്കുന്ന ജീവചരിത്രം തങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ പരിചയമുള്ള ഒരാളുടേതാകുമ്പോൾ, അതു വായനക്കാരുടെ ഹൃദയങ്ങളിൽ ആഴത്തിൽ പതിയുമെന്ന കാര്യത്തിലും അദ്ദേഹത്തിനു സംശയമുണ്ടായിരുന്നില്ല. 'നവഭാരതശില്പികൾ' എന്ന പേരിൽ നാലു വാല്യങ്ങളിലും, 'സമകാലീനരായ ചില കേരളീയർ' എന്ന പേരിൽ രണ്ടു വാല്യങ്ങളിലും, സമാഹരിച്ച ഒരുനൂററിമുപ്പതു ജീവചരിത്രങ്ങൾ, വേണ്ട വിവരങ്ങൾ ക്ലേശിച്ചു തേടിപ്പിടിച്ചു രചിക്കാൻ കേശവമേനോനെ പ്രേരിപ്പിച്ചതു് അദ്ദേഹത്തിന്റെ ഈ വിശ്വാസങ്ങളാണ്. അദ്ധ്യാപകനെന്ന ഭൂമികയിൽ തന്റെ കർത്തവ്യം ഏററവും ആത്മാർത്ഥമായും അർപ്പണബോധത്തോടെയും വ്യാപകമായും നിർവഹിക്കുകയായിരുന്നു ജീവചരിത്രരചനയിലൂടെ കേശവമേനോൻ ചെയ്തതു്.

'സുഹൃത്തും ദാർശനികനും മാർഗദർശകനും' എന്നു് അദ്ധ്യാപകനു സുപ്രസിദ്ധമായ ഒരു നിർവചനമുണ്ടല്ലോ. അദ്ധ്യാപകനെന്നു് കേശവമേനോനെ വിവരിക്കുമ്പോൾ നാം ചെയ്യുന്നതു സുഹൃത്തും ദാർശനികനും മാർഗദർശകനുമായി അദ്ദേഹത്തെ സാക്ഷാത്കരിക്കുകയാണ്. സൗഹാർദ്ദവും തത്ത്വചിന്തയും ധർമസങ്കടങ്ങളിൽ കർത്തവ്യം നിർദ്ദേശിച്ചുതരുന്നതിനുള്ള പ്രായോഗിക വിവേകവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ഇഴപിരിച്ചെടുക്കാനാകാത്തവിധം പിണഞ്ഞു ചേർന്നിരുന്നു. ഈ മൂന്നു ഘടകങ്ങളിൽ ഏതെങ്കിലുമൊന്നിനു പ്രാധാന്യം നൽകാൻ എന്നോടാവശ്യപ്പെട്ടാൽ, ഞാൻ തിരഞ്ഞെടുക്കുക കേശവമേനോന്റെ സർവാശ്ലേഷകമായ സൗഹാർദം എന്ന ഘടകത്തെയാണ്. ജീവിതത്തിൽ പിന്നെപ്പിന്നെ കേശവമേനോന്റെ വ്യക്തിത്വത്തിലെ സൗഹാർദം എന്ന ഘടകം കൂടുതൽ വ്യാപകമായിത്തീരുകയും അതൊരു ബോധിസത്വന്റെ കരുണയുടെ രൂപത്തിൽ വളരുകയുംചെയ്തതായി നമുക്കു കാണാൻ കഴിയും. ജീവിതചിന്തകൾ, നാം മുന്നോട്ട് (അഞ്ചു ഭാഗങ്ങൾ), പ്രഭാതദീപം, സായാഹ്നചിന്തകൾ, വിജയത്തിലേക്ക്, പൂർണജീവിതം എന്നീ വാല്യങ്ങളിൽ സമാഹരിക്കപ്പെട്ട ലഘുപന്യാസങ്ങളിലാണ് കേശവമേനോന്റെ സർവഭൂതമൈത്രി അതിന്റെ ഏററവും വികസ്വരമായ രൂപത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതു്. 'സാന്ത്വന സാഹിത്യം' എന്ന പേർ കേശവമേനോന്റെ എല്ലാ കൃതികൾക്കും മൊത്തത്തിൽ നൽകാമെങ്കിലും ഈ ലഘുപന്യാസങ്ങൾക്ക് അതുപോലെ യോജിക്കുന്ന മറെറാരു പൊതുപ്പേർ കണ്ടെത്തുക പ്രയാസമാണ്.

കർമമുഖരവും നിസ്തന്ദ്രവുമായ ജീവിതത്തിലൂടെ കടന്നുപോന്നു്, ഭാഗ്യനിർഭാഗ്യങ്ങളുടെ ഔന്നത്യങ്ങളും ആഴങ്ങളും അളന്നു്, ഒടുവിൽ പ്രശാന്തിയുടെ പീഠഭൂമിയിൽ താൻ എത്തിച്ചേർന്നിരിക്കുന്നു എന്ന ബോധം ഉളവായ ആയുസ്സിന്റെ ഉത്തരാർദ്ധത്തിലാണ് കേശവമേനോൻ ഈ ലഘുപന്യാസങ്ങൾ രചിച്ചതു്. സ്വന്തം ജീവിതത്തിലെന്നപോലെ, താൻ ഏതിന്റെ സേവനത്തിനായി ജീവിതം അർപ്പിച്ചുവോ ആ രാഷ്ട്രത്തിന്റെ ജീവിതത്തിലും സ്വാതന്ത്ര്യപ്രാപ്തിക്കും തുടർന്നുള്ള നിർഭാഗ്യങ്ങൾക്കും ശേഷം സമാധാനവും പുരോഗതിക്കുള്ള സാദ്ധ്യതകളും തെളിഞ്ഞുവന്നതായി അദ്ദേഹം കരുതി. തന്റെ യൗവനത്തിലെ ഉജ്ജ്വലസ്വപ്നമായിരുന്ന കേരളസംസ്ഥാനവും രൂപംകൊണ്ടു കഴിഞ്ഞു. ഉദ്ബുദ്ധരായ ജനങ്ങളുടെ കഠിനാദ്ധ്വാനത്തിലൂടെ, മററു പല രാജ്യങ്ങളും ഇതിനകം നേടിക്കഴിഞ്ഞ ഭൗതികസമൃദ്ധിയിലേക്കും സാംസ്കാരിക വികാസത്തിലേക്കും നമ്മുടെ രാഷ്ട്രം മുന്നേറേണ്ട കാലമാണിതെന്നു് അദ്ദേഹം വിശ്വസിച്ചു.

അതേസമയം ജനപ്രീതിയാർജിച്ച ഒരു പത്രത്തിന്റെ അധിപരെന്ന നിലയിൽ സർക്കാരിന്റെ വീഴ്ചകളും, സമൂഹത്തിന്റെ ഹൃദയശൂന്യതയും

തൽഫലമായി ആയിരക്കണക്കിനാളുകൾ ദിവസേന അനുഭവിക്കേണ്ടി വരുന്ന യാതനകളും നിരന്തരം കണ്ടുകൊണ്ടിരിക്കേണ്ട നിർഭാഗ്യവും അദ്ദേഹത്തിനുണ്ടായി. ചെറുതും വലുതുമായ സഹായം പ്രതീക്ഷിച്ച് നൂറു കണക്കിന് ആളുകൾ ദിവസേന അദ്ദേഹത്തിന് എഴുതിക്കൊണ്ടിരുന്നു. വ്യക്തിപരമായ നിലയിൽ, തനിക്കു സാദ്ധ്യമായ സാമ്പത്തികസഹായവും ഉപദേശ—നിർദ്ദേശങ്ങളും അവർക്ക് അദ്ദേഹം നൽകിപ്പോന്നു. എങ്കിലും ഒരാൾക്കു ചെയ്യാവുന്നതിനു പരിമിതികളുണ്ടല്ലോ. ദുഃഖം അനുഭവിക്കുന്ന ആളുകൾ സ്വന്തം ഹൃദയങ്ങളിൽ സ്വയം അന്വേഷിച്ചു കണ്ടെത്തേണ്ടതാണു ശാന്തി. അതേസമയം തങ്ങളേക്കാൾ കൂടുതൽ ക്ലേശം അനുഭവിക്കുന്നവർക്ക് അല്പമൊരാശ്വാസം പകരാൻ കഴിയാത്ത ഒരാളുമില്ല. 'ഒരു നോക്ക്, ഒരു വാക്ക്, ഒരു താങ്ങ്' എന്ന ശീർഷകത്തിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച സുപ്രസിദ്ധമായ ലഘുപന്യാസത്തിൽ കേശവമേനോൻ എഴുതി:

'ഇതു സാധാരണ കാണുന്ന കാഴ്ചയാണ്. ഒരു ചെറിയ സഹായമേ അവർക്ക് ആവശ്യമുള്ളു. ഒന്നു താങ്ങിക്കൊടുത്താൽ അവർക്കു ചുമടെടുക്കാൻ സാധിക്കും. അതില്ലാതെ കഴിയുകയുമില്ല. എത്ര ആളുകളാണ് ഇത്തരത്തിലുള്ള ചെറിയ സഹായം നമ്മോട് ആവശ്യപ്പെടുന്നതു്! നമുക്ക് അതു സാരമില്ല. അവർക്കാണെങ്കിൽ അതു വലിയ കാര്യമാണുതാനും. ഒരു വാക്കുകൊണ്ടോ, ഒരു നോക്കുകൊണ്ടോ, ഒരു ചെറിയ സഹായംകൊണ്ടോ, വെന്തുനീറുന്ന മനസ്സിന് ആശ്വാസം കൊടുക്കാൻ നമുക്കു സാധിക്കില്ലേ? എങ്കിലും എത്ര ആളുകൾ അതിനൊരുങ്ങുന്നുണ്ട്?'

എത്രയും കൂടുതൽ ആളുകൾ അതിനൊരുങ്ങണമെന്ന് കേശവമേനോൻ ആഗ്രഹിച്ചു. അങ്ങനെയാണ് 'നാം മുന്നോട്ട്' എന്ന ലേഖനപരമ്പര അദ്ദേഹം ആഴ്ചതോറും മാതൃഭൂമി ദിനപ്പത്രത്തിൽ എഴുതിത്തുടങ്ങിയതു്. കൊച്ചു കൊച്ചു കാര്യങ്ങളെപ്പററി, ചുററും കാണുന്ന ജീവിതത്തിൽനിന്നും തനിക്കു കിട്ടുന്ന കത്തുകളിൽനിന്നും താൻ വായിക്കുന്ന പുസ്തകങ്ങളിൽനിന്നും ആനുകാലികങ്ങളിൽനിന്നും ഉദ്ധരിച്ച ഹൃദയസ്പർശികളായ ഉദാഹരണങ്ങളോടെ, കേശവമേനോൻ എഴുതിയ ഈ ലേഖനങ്ങൾക്കു വളരെ വലിയ ഫലമുണ്ടായി. വരണ്ടുകിടക്കുന്ന മണ്ണിൽ പുതുമഴ പെയ്യുമ്പോൾ ഉണ്ടാവുന്ന അതേ അത്ഭുതാവഹമായ മാററം ആയിരക്കണക്കിനു വായനക്കാരുടെ ഹൃദയങ്ങളിൽ ഈ ലേഖനങ്ങൾ ഉളവാക്കി.

ഗഹനമായ കാര്യങ്ങളെപ്പററിയൊന്നും ഈ ലേഖനങ്ങളിൽ കേശവമേനോൻ പ്രതിപാദിച്ചിരുന്നില്ല. എങ്കിലും, ജീവിതബോധവും വിവേകവും അവയിൽ നിറഞ്ഞുനിന്നു. ലേഖകൻെറ വ്യക്തിത്വവും, അദ്ദേഹം നിരത്തുന്ന ഉദാഹരണങ്ങളുടെ പ്രസക്തിയും, ആകെക്കൂടിയുള്ള പ്രതിപാദനഗൗരവവും നിമിത്തം മററു സന്ദർഭങ്ങളിൽ വിരസങ്ങളും അശ്രദ്ധേയങ്ങളുമാകാമായിരുന്ന ലോകതത്ത്വോപദേശങ്ങൾ വായനക്കാരുടെ ഹൃദയങ്ങളിലേക്ക് ആണ്ടിറങ്ങി. മുമ്പു പറഞ്ഞ 'ഒരു നോക്ക്, ഒരു വാക്ക്, ഒരു താങ്ങ്' എന്ന ലേഖനത്തിൽ കേശവമേനോൻ എഴുതി:

'സഹായത്തിന് എല്ലായ്പോഴും പ്രതിഫലമുണ്ടാവില്ല. സഹായം ചെയ്തുകൊടുക്കുന്നതിൽനിന്നു നമുക്കുണ്ടാവുന്ന സന്തോഷംതന്നെയാണ് അതിനുള്ള പ്രതിഫലം. ഇരുട്ടുനിറഞ്ഞ ഹൃദയത്തിൽ ഒരു നോക്കുകൊണ്ടു വെളിച്ചം കടത്താം. നിരാശനിറഞ്ഞ മനസ്സിനെ ഒരു വാക്കുകൊണ്ട് ആശ്വാസപ്പെടുത്താം. നിസ്സഹായനായ മനുഷ്യനെ ഒരു ചെറിയ സഹായംകൊണ്ടു തൃപ്തിപ്പെടുത്താം. ഇതെല്ലാം നമുക്കു സാധിക്കുന്നതാണ്. ഇതിനു വലിയ ത്യാഗങ്ങൾ ആവശ്യമില്ല. കണ്ണു തുറന്ന് അനുഭാവത്തോടെ ചുററുപാടും ഒന്നു നോക്കുകയേ വേണ്ടു. അങ്ങനെ നോക്കുമ്പോൾ നമുക്കുണ്ടാവുന്ന അനുഭവം അത്ഭുതകരമാണ്. 'ഇത്രയെല്ലാം കഷ്ടതകൾ ആളു

കരം അനുഭവിക്കുന്നുണ്ടല്ലോ. എത്ര എളുപ്പത്തിൽ നമുക്ക് അവയെ ലഘൂകരിക്കാൻ സാധിക്കും! എന്താണു നാം അതിന്നു് ഒരുങ്ങാത്തതു്?' എന്ന തോന്നൽ അപ്പോരം നമുക്കു് ഉണ്ടാകാതിരിക്കില്ല. മററുള്ളവരുടെ സൗകര്യത്തെപ്പററി ആലോചിക്കുന്നവരുടെ എണ്ണം വർദ്ധിച്ചാൽ ലോകരുടെ ഒട്ടാകെയുള്ള സുഖവും വർദ്ധിക്കുമെന്നു് ഒരാരം പറഞ്ഞതു് എത്ര പരമാത്ഥമാണു്!

'എന്നാൽ, ആ ആലോചന പലപ്പോഴും നമുക്കു് ഉണ്ടാകുന്നില്ല. 'എനിക്കു് ആരുടെ സഹായവും വേണ്ട; ഞാനാർക്കുമൊന്നും ചെയ്യുകയുമില്ല' എന്നു ചിലർ പറയുന്നതു കേരക്കാം. മററുള്ളവരുടെ സഹായവും സഹകരണവുമില്ലാതെ ഒരു ദിവസമെങ്കിലും ജീവിച്ചിരിക്കുക പ്രയാസമാണെന്നു് അനുഭവംകൊണ്ടറിയാം. മററുള്ളവരിൽനിന്നു നാം സഹായം പ്രതീക്ഷിക്കുന്നുവെങ്കിൽ, അവരെ സഹായിക്കേണ്ട ചുമതല നമുക്കുമില്ലേ?

'പണമല്ല അധികം ആളുകരക്കും ആവശ്യമായിട്ടുള്ളതു്. അനുഭാവം, ദയ, നല്ലവാക്കു്, സഹായിക്കുവാനുള്ള സന്നദ്ധത, മററുള്ളവരുടെ കഷ്ടസ്ഥിതിയെപ്പററി അറിയുവാനുള്ള ഒരുക്കം എന്നിവയാണു്. പണത്തിന്നു് അതു സാധിക്കുകയില്ല. ഹൃദയത്തിനു മാത്രമേ കഴിയുകയുള്ളു.

'ജീവിതത്തെ ദുരിതംനിറഞ്ഞ നരകമായി കരുതേണ്ടതില്ല. അതിനെ ആഹ്ലാദസമ്പൂർണമായ ഒരനുഭവമാക്കിത്തീർക്കാം. ദൈനംദിനമുള്ള ഇടപാടിൽ മററുള്ളവരെപ്പററി കുറേക്കൂടി ദാക്ഷിണ്യത്തോടെ ഓർത്തു പ്രവർത്തിച്ചാൽമതി. ദയയോടുകൂടിയ നോക്കു്, പുഞ്ചിരിയോടുകൂടിയ വാക്കു്, സന്തോഷത്തോടുകൂടിയ സഹായം—ജീവിതം സുഖപ്രദമാക്കുന്നതിന്നു് അതു മാത്രമേ ആവശ്യമുള്ളു.'

'ജീവിത ചിന്തകളിലും', തുടർന്നു് 'നാം മുന്നോട്ടു്' (അഞ്ചു വാല്യങ്ങരം), 'പ്രഭാതദീപം,' 'വിജയത്തിലേക്കു്', 'സായാഹ്നചിന്തകരം', 'പൂർണജീവിതം' എന്നീ സമാഹാരങ്ങളിലും അടങ്ങിയ ലഘുപന്യാസങ്ങളുടെ മുഴുവൻ ആധാരശ്രുതിയായി വർത്തിക്കുന്ന തത്ത്വചിന്ത ഈ ഉദ്ധാരണത്തിൽ അടങ്ങിയിരിക്കുന്നു. 'ഒരു നോക്കു്, ഒരു വാക്കു്, ഒരു താങ്ങു്'—സാന്ത്വനസാഹിത്യത്തിന്റെ തത്ത്വശാസ്ത്രം ഇതാകുന്നു.

'ജീവിതത്തിൽ നേരിടുന്ന പ്രതിബന്ധങ്ങളോടെതിർക്കുവാൻ, ശരീരത്തിനും മനസ്സിനും വാസ്തവത്തിലുള്ള ശക്തിയുടെ ഒരംശം മാത്രമേ സാധാരണമനുഷ്യൻ ഉപയോഗിച്ചുവരുന്നുള്ളു. നമുക്കു് അറിയാത്തതും നാം ഉപയോഗപ്പെടുത്താത്തതുമായ ശക്തി നമ്മിൽ ഇരിപ്പുണ്ടു്. അതു കണ്ടുപിടിച്ചു വേണ്ടുംവിധം ഉപയോഗപ്പെടുത്തുന്നതിലാണു ജീവിതത്തിലെ ജയാപജയങ്ങരം സ്ഥിതിചെയ്യുന്നതു്. വളർച്ച, വളർച്ച, വളർച്ച! ദിനംതോറും കായികമായും മാനസികമായും ധാർമികമായും പരിപൂർണ്ണവളർച്ചയ്ക്കായി പരിശ്രമിക്കുക. ഇപ്പോഴത്തെ സ്ഥിതികൊണ്ടു തൃപ്തിപ്പെടാതെ ഇനിയും മേലോട്ടുകയറുവാൻ നോക്കുക. നമ്മിൽ കുടികൊള്ളുന്ന ശക്തി മുഴുവൻ പുറത്തേക്കുകൊണ്ടുവരാൻ ശ്രമിക്കുക. അതിനുള്ള മാർഗങ്ങരം തേടുക.'

'നമ്മിൽ ഉറങ്ങിക്കിടക്കുന്ന ആ മഹാശക്തിയെ ഉണർത്തുവിൻ. ജീവിതസമരത്തിൽ ഏർപ്പെടുവാൻ ആത്മവിശ്വാസത്തോടുകൂടി പുറപ്പെടുവിൻ. പ്രതിബന്ധങ്ങരം നമ്മുടെ വളർച്ചയ്ക്കു് ആവശ്യമാണെന്നറിയുവിൻ, ഈ കാണുന്ന ശരീരമല്ല ശരിയായ മനുഷ്യൻ. ശരീരത്തിനുള്ളിൽ വസിക്കുന്ന ഒരു അത്ഭുതമനുഷ്യനുണ്ടു്. ആ മനുഷ്യനെ അറിയാതെയാണു് അധികംപേരും കാലംകഴിക്കുന്നതു്. അയാരം പ്രതിബന്ധങ്ങളെ വകവെക്കാത്ത അമാനുഷനാണു്. അളവില്ലാത്ത ജ്ഞാനം, എതിർപ്പില്ലാത്ത ശക്തി, അതിരില്ലാത്ത അംഗീകാരം ഇവയെല്ലാം ആ അമാനുഷനുള്ളതായി കാണാം. ഈ തരത്തിലുള്ള അമാനുഷന്മാരിൽ ഒരുവനാണു

നിങ്ങൾ എന്നു് അറിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ ഇപ്പോഴെങ്കിലും അതിൽ പൂർണമായി വിശ്വസിക്കുവിൻ!' (ജീവിതചിന്തകൾ, ജീവിതയാത്ര പേജ് 5.)

'പുഞ്ചിരിയുടെ മാഹാത്മ്യം നിങ്ങൾ മനസ്സിലാക്കീട്ടുണ്ടോ—അതു നിങ്ങളിലും മററുള്ളവരിലും വരുത്തിത്തീർക്കുന്ന അത്ഭുതകരമായ മാററം? ലോകം കണ്ണാടിപോലെയാണെന്നു് ഒരു തത്ത്വജ്ഞാനി പറയുന്നു. നാം ചിരിക്കുമ്പോൾ അതും ചിരിക്കും. നാം കോപിക്കുമ്പോൾ അതും കോപിക്കും. 'എന്നെ ഒരാൾക്കും കണ്ടുകൂടാ.' എന്നു ചിലർ പറയുന്നതു് നിങ്ങൾ കേട്ടിട്ടില്ലേ? 'നിങ്ങൾ മററുള്ളവരെ കാണുവാൻ ഇഷ്ടപ്പെടുന്നുണ്ടോ? അവരെ സന്തോഷപ്പെടുത്താൻ നോക്കുന്നുണ്ടോ?' സഹായിക്കുവാൻ ശ്രമിക്കുന്നുണ്ടോ? എന്നു് അത്തരക്കാരോടു ചോദിച്ചാൽ ശരിയായ മറുപടി കിട്ടുകയില്ല. ചെറിയവനും വലിയവനും പിച്ചക്കാരനും പണക്കാരനും ഒന്നു സാധിക്കും—പുഞ്ചിരിയോടുകൂടി മററുള്ളവരോടു സംസാരിക്കാൻ, ദയയോടുകൂടി പെരുമാറുവാൻ.' (ജീവിതചിന്തകൾ, സുഖജീവിതം, പേജ് 107)

ഇത്തരം ലളിതമായ ലൗകിക തത്ത്വോപദേശം നിറഞ്ഞ നാലായിരത്തിലധികം പേജുകൾ കേശവമേനോൻ എഴുതിയിട്ടുണ്ടെന്നതാണ് അത്ഭുതകരമായ ഒരു സംഗതി. മടുപ്പു തോന്നാതെയും ആവർത്തനച്ചുവ കൂടാതെയും ഇതു വായിച്ചുപോകാൻ കഴിയുന്നു എന്നതു കൂടുതൽ അത്ഭുതകരമായ മറെറാരു സംഗതിയും. ഉദാഹരണങ്ങൾ, ഉദ്ധാരണങ്ങൾ, നമ്മങ്ങൾ, ലഘുകഥകൾ മുതലായവ വേണ്ടവിധത്തിലും തോതിലും ഉപയോഗിച്ചാണു് ഈ അത്ഭുതം കേശവമേനോൻ സാധിച്ചിരിക്കുന്നതു്.

കേശവമേനോൻെറ അസാധാരണമായ മേധാശക്തിയെപ്പററി പലരും പ്രസ്താവിച്ചിട്ടുണ്ടു്. എത്രയോ വർഷംമുമ്പു് താൻ വായിച്ച പുസ്തകങ്ങളിൽനിന്നും കേട്ട പ്രസംഗങ്ങളിൽനിന്നും ദീർഘമായും പദാനുപദമായും ഉദ്ധരിക്കുവാൻ അദ്ദേഹത്തിനു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. പ്രായം ഏറുംതോറും അദ്ദേഹത്തിൻെറ ഓർമശക്തിക്കു് ദൃഢത വർദ്ധിച്ചുവരുന്നതായി തോന്നിയിരുന്നു. കാഴ്ചശക്തി നഷ്ടപ്പെട്ടതിനു പരിഹാരമായിട്ടാവാം, അദ്ദേഹത്തിൻെറ ഓർമശക്തി പിന്നെപ്പിന്നെ വർദ്ധിക്കുകയാണുണ്ടായിട്ടുള്ളതെന്നു് കേശവമേനോൻെറ ആബാല്യസുഹൃത്തായ കെ. കുട്ടികൃഷ്ണമേനോൻ രേഖപ്പെടുത്തിയിട്ടുണ്ടു്. സന്ദർഭോചിതങ്ങളായ സുഭാഷിതങ്ങളും ലഘുകഥകളും ഉദാഹരണങ്ങളും തമാശകളും ഉദ്ധരിച്ച തൻെറ രചനകളെ സരസങ്ങളും വിശ്വാസ്യങ്ങളും പ്രഭാവജനകങ്ങളുമാക്കാൻ കേശവമേനോനെ സഹായിച്ചതു് ഈ ഓർമശക്തിയാണു്. സ്വന്തം വ്യക്തിത്വങ്ങളിലെ അഗാധങ്ങളായ ശക്തികേന്ദ്രങ്ങളെ തൊട്ടുണർത്തുവാൻ വായനക്കാരോടു് ആവശ്യപ്പെടുംമുമ്പു്, കേശവമേനോൻ തൻെറ ഓർമയിലെ ആഴങ്ങളിൽനിന്നു് ആകർഷകങ്ങളായ പല വസ്തുതകൾ പുറത്തെടുത്തു് അവരുടെ മുമ്പിൽ നിരത്തുകയത്രേ ചെയ്യുന്നതു്.

കർശനമായ അച്ചടക്കത്തിൻെറ ഉദാഹരണമായിരുന്നു കേശവമേനോൻെറ ദീർഘജീവിതം. ചരിത്രപ്രാധാന്യമുള്ള രേഖകൾ ഫയൽ ചെയ്തു സൂക്ഷിക്കുന്നതുപോലെയാണു് അദ്ദേഹം ഓരോ ദിവസത്തെയും അനുഭവങ്ങളും അന്നന്നു വായിച്ച പത്രങ്ങളിലും ആനുകാലികങ്ങളിലും ഗ്രന്ഥങ്ങളിലും നിത്യപ്രസക്തിയുള്ളതെന്നു തനിക്കു തോന്നിയ വസ്തുതകളും മനസ്സിൽ അടുക്കി സൂക്ഷിച്ചിരുന്നതെന്നു് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്. മാനസികമായ ഈ അച്ചടക്കം നിമിത്തം അദ്ദേഹം എഴുതുന്ന നൂറുകണക്കിനുള്ള ലേഖനങ്ങൾ നിശ്ചിതങ്ങളായ ഏതാനും ശീർഷകങ്ങളിൽ ഒതുക്കാമെന്നു വന്നു. 'നാം മുന്നോട്ടു്' എന്ന പേരിൽ

സമാഹരിച്ചിട്ടുള്ള ലേഖനങ്ങളെ സദാചാരം, വിദ്യാഭ്യാസവും തൊഴിലും, പൊതുജീവിതം, രാഷ്ട്രീയം, കുടുംബകാര്യങ്ങൾ, ആദ്ധ്യാത്മിക കാര്യങ്ങൾ, പലവക എന്നിങ്ങനെ ഏഴു വിഭാഗങ്ങളിലാണു പെടുത്തിയിട്ടുള്ളത്. ഒന്നിനൊന്നു പൂരകമാകത്തക്കവിധത്തിലും, വന്നുപെട്ടേക്കാവുന്ന ആന്തരവൈരുധ്യങ്ങൾ തികച്ചും ഒഴിവാക്കിയും വളരെയൊന്നും ആവർത്തനം അനുഭവപ്പെടാതെയും ഇത്രയധികം പ്രബന്ധങ്ങൾ ഒരാൾക്കു രചിക്കാൻ കഴിഞ്ഞുവെന്നതു് ആലോചിക്കുന്തോറും വിസ്മയം വളർത്തുന്ന ഒരു വസ്തുതയാണു്.

ഈ ലഘു പ്രബന്ധങ്ങളുടെ മുഖ്യ സവിശേഷത അവയുടെ സരളവും അകൃത്രിമവുമായ ശൈലിയാണു്. കാഴ്ചശക്തി നഷ്ടപ്പെട്ടതുനിമിത്തം മറ്റൊരാൾക്കു പറഞ്ഞുകൊടുത്തു് എഴുതിച്ചതുമൂലമാവാം, ഇവ വായിക്കുമ്പോൾ കേശവമേനോൻ മുന്നിലിരുന്നു നമ്മോടു സംസാരിക്കുന്നതായിട്ടാണു് നമുക്കനുഭവപ്പെടുക. വൈയക്തിക സമ്പർക്കത്തിന്റേതായ ഊഷ്മളത ഈ ലേഖനങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. പലപ്പോഴും ഈ ലേഖനങ്ങൾ വായിക്കുന്നതിനിടയ്ക്കു് കേശവമേനോനോടു് അങ്ങോട്ടു ചില ചോദ്യങ്ങൾ ചോദിക്കാനുള്ള പ്രേരണ നമ്മിൽ നിറയുന്നു; അതറിഞ്ഞിട്ടെന്നപോലെ അദ്ദേഹം ആ ചോദ്യങ്ങൾക്കുള്ള മറുപടി തുടർന്നു നൽകുകയും ചെയ്യുന്നു.

ഉത്തമ സാഹിത്യത്തിന്റെ ഫലം രസാസ്വാദമാണെന്നു പറയാറുണ്ടെങ്കിലും രസാസ്വാദത്തോടു തുല്യമായ സ്ഥാനം ഉദ്ബോധനത്തിനുമുണ്ടെന്നതു സർവാംഗീകൃതമായ വസ്തുതയാണു്. രസാസ്വാദത്തിനു സാഹിത്യത്തിനു പുറമെ സംഗീതം, ചിത്രം, പ്രതിമാശില്പം മുതലായ മററു കലകളുണ്ടു്; സിനിമയും ടെലിവിഷനും നാടകവേദിയുംപോലുള്ള മററു മാധ്യമങ്ങളുമുണ്ടു്. എന്നാൽ, ജ്ഞാനവും വിവേകവും നേടുന്നതിനു പരിഷ്കൃതനായ മനുഷ്യൻ മുഖ്യമായും സാഹിത്യത്തെത്തന്നെ എക്കാലത്തും ആശ്രയിക്കേണ്ടിവരും. മനുഷ്യവർഗത്തിന്റെ സഞ്ചിതസംസ്കാരം സംരക്ഷിക്കുന്നതിനും തലമുറയിൽനിന്നു തലമുറയിലേക്കു് അതു് പകരുന്നതിനും സാഹിത്യംപോലെ ഉപകരിക്കുന്ന മറെറാന്നുമില്ല. അതിനാൽ ജ്ഞാനവും വിവേകവും നല്കുന്ന, ഉപദേശപ്രധാനമായ സാഹിത്യത്തിനുള്ള പ്രാധാന്യം ഒരിക്കലും നഷ്ടപ്പെടുകയില്ല.

ആധുനികജീവിതത്തിന്റെ സങ്കീർണതകളുടെ ഫലമായി മനുഷ്യമനസ്സുകൾ കൂടുതൽ അസ്വസ്ഥങ്ങളായിക്കൊണ്ടിരിക്കുകയാണു്. ആശ്വാസം നേടുന്നതിന് മനുഷ്യൻ പണ്ടുമുതൽ ആശ്രയിച്ചുവന്നിരുന്ന പല സ്രോതസ്സുകളും പിന്നെപ്പിന്നെ അടഞ്ഞുവരുന്നു. കുടുംബത്തിന്റെ ദൃഢത നഷ്ടപ്പെട്ടിരിക്കുന്നു. തലമുറകളുടെ വിടവ്, പലപ്പോഴും തലമുറകൾ തമ്മിലുള്ള ശത്രുതയായിക്കൂടി മാറുന്നതു് നാം കാണുന്നു. മകൾക്കു് അമ്മയും മകനു് അച്ഛനും ശത്രുക്കളായി അനുഭവപ്പെടുന്നതു് സാധാരണയായിരിക്കുന്നു.

എത്രയോ ദശാബ്ദങ്ങളായി മതത്തിൽനിന്നു നമ്മുടെ നാട്ടുകാർ നേടി വന്നിരുന്ന ആശ്വാസം ഇന്നു് അവർക്കു നിഷേധിക്കപ്പെട്ടിരിക്കുകയാണു്. മതാചാരങ്ങളുടെ നിരർത്ഥകതയും മതവിശ്വാസങ്ങളുടെ അന്ധതയും കാണാൻ നമുക്കു് ഇന്നു കഴിയുന്നുണ്ടു്. എന്നാൽ, മതത്തിനു ജീവൻ നൽകിവന്ന തത്ത്വചിന്തയുടെ ആഴങ്ങളിലേക്കു കടക്കുക പിന്നെപ്പിന്നെ ആധുനികമനുഷ്യനു് ദുഷ്കരമായിത്തീർന്നുകൊണ്ടിരിക്കുകയുമാണു്. മതാനുഭൂതിയാകട്ടെ, മിക്കവർക്കും മരീചികയായി മാറിയിരിക്കുന്നു.

കുടുംബത്തിനകത്തു് അച്ഛനും മകനുമിടയിൽ സംഭവിച്ച ബന്ധവിച്ഛേദത്തേക്കാൾ ദാരുണമാണു് വിദ്യാലയങ്ങളിൽ അദ്ധ്യാപകനും വിദ്യാർത്ഥികൾക്കുമിടയിൽ സംഭവിച്ച ബന്ധവിച്ഛേദം. നിശ്ചിതമായ പാഠ

ഭാഗം വിവരിക്കുന്നതിൽക്കവിഞ്ഞു്, ശിഷ്യന്റെ മാനസികക്ലേശങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതിനോ, അങ്ങനെ ചില ക്ലേശങ്ങൾ ശിഷ്യനുണ്ടെന്നു് അറിയുന്നതിനുപോലുമോ തനിക്കു ചുമതലയില്ലെന്നാണു ഭൂരിഭാഗം അദ്ധ്യാപകരും ഇന്നു കരുതുന്നതു്. അതുപോലെതന്നെ, തന്റെ ക്ലേശങ്ങളും സംശയങ്ങളും ധർമസങ്കടങ്ങളും അദ്ധ്യാപകരുടെ മുമ്പിൽ സമർപ്പിക്കുന്നതിൽ വിദ്യാർത്ഥികളും വിമുഖരായിരിക്കുന്നു.

ഇത്തരമൊരു പരിതഃസ്ഥിതിയിൽ 'സാന്ത്വനസാഹിത്യ'ത്തിന്റെ പ്രസക്തി വളരെയധികം വർദ്ധിച്ചുവരുന്നുണ്ടു്. ഭൗതികങ്ങളും ആദ്ധ്യാത്മികങ്ങളും, വൈകാരികങ്ങളുമായ ധർമസങ്കടങ്ങളിൽപ്പെട്ടുഴലുന്ന വായനക്കാർ തങ്ങളുടെ സംശയങ്ങൾ പരിഹരിക്കുന്നതിനായി സാഹിത്യകാരന്മാരുടെ സഹായം അഭ്യർത്ഥിക്കുക സാധാരണമായിത്തീർന്നിട്ടുണ്ടു്. വാരികകളിലുള്ള 'പത്രാധിപരോടു ചോദിക്കുക', 'മനഃശാസ്ത്രജ്ഞനോടു ചോദിക്കുക', 'ഡോക്ടറോടു ചോദിക്കുക' മുതലായ പംക്തികളും ദിനപത്രങ്ങളിലെ 'പത്രാധിപർക്കുള്ള കത്തുകളും' ധാരാളമായി പ്രചരിക്കുന്ന മനഃശാസ്ത്രവാരികകളും ലഘു മനഃശാസ്ത്രഗ്രന്ഥങ്ങളും എല്ലാം, ഇത്തരം സഹായം തേടുന്നതിനും നേടുന്നതിനുംവേണ്ടി ഉദ്ദേശിച്ചിട്ടുള്ളവയാണു്. ആനുകാലികങ്ങളിൽ ഈ മാതിരി പംക്തികൾ കൈകാര്യം ചെയ്യുന്നവരിൽ പലരും എണ്ണമററ വായനക്കാരുടെ നിരന്തരാരാധനാപാത്രങ്ങളായി മാറാറുണ്ടു്. എന്നാൽ, നിർഭാഗ്യവശാൽ മിക്കപ്പോഴും ഈ പംക്തികൾ തികഞ്ഞ പരാജയങ്ങളാവുന്നതും നാം കാണുന്നു. മനഃശാസ്ത്രവാരികകൾ എന്ന പേരിൽ പ്രചരിക്കുന്ന പല പ്രസിദ്ധീകരണങ്ങളും ലൈംഗികാഭാസങ്ങളും തെററായ വിശ്വാസങ്ങളും പ്രചരിപ്പിക്കുന്നതിനുള്ള മാധ്യമങ്ങളായിത്തീരുന്നതു നമ്മുടെ ദുഃഖകരമായ അനുഭവമാണു്.

ഒരു വാക്കു്, ഒരു നോക്കു്, ഒരു താങ്ങു്—അതിന്നായി ദാഹിക്കുന്ന വായനക്കാർ എത്രയോ അധികമുണ്ടു്. പക്ഷേ, തെളിയിക്കപ്പെട്ട സ്വഭാവശുദ്ധിയും വിവേകസമ്പത്തുമുള്ള, പരിണതപ്രജ്ഞനായ, ഋഷിതുല്യനായ ഒരാൾ പറയുമ്പോഴേ വാക്കിനു് വ്രണിതഹൃദയങ്ങളിൽ സമാശ്വാസകമായ ഔഷധം പുരട്ടാനുള്ള സിദ്ധി കൈവരുന്നുള്ളു. തനിക്കു വിശ്വാസമില്ലാത്തവന്റെ സാന്ത്വനം ദുഃഖിതനെ ആശ്വസിപ്പിക്കുകയില്ല; മടുപ്പിക്കുകയേ ഉള്ളൂ. അതുപോലെ കരുണാപൂരതരംഗിതമായ കണ്ണുകൊണ്ടുള്ള നോട്ടം മാത്രമേ ജീവിതക്ലേശങ്ങൾക്കു പരിഹാരമാവുകയുള്ളു. സ്വാർത്ഥലേശമില്ലാത്ത കൈകൾക്കു മാത്രമേ തളർന്നവനെ താങ്ങാൻ കഴിയുകയുള്ളു.

മലയാളത്തിൽ സാന്ത്വനസാഹിത്യത്തിന്റെ ഉപജ്ഞാതാവു് എഴുത്തച്ഛനായിരിക്കാം. മരണം നടന്ന കുടുംബങ്ങളിൽ അദ്ധ്യാത്മരാമായണം കിളിപ്പാട്ടു വായിക്കുന്ന പതിവു് ഇപ്പോഴും ഉള്ളതാണല്ലോ. എന്നാൽ, ആധുനികകാലത്തു് ഈ സാഹിത്യശാഖയ്ക്കു് അസ്ഥിവാരമിട്ടതും അതു സമ്പുഷ്ടമാക്കിയതും ഏററവും ഫലപ്രദമായി അതു കൈകാര്യംചെയ്തതും കേശവമേനോൻ ആണെന്നതു് അവിതർക്കിതമായ വസ്തുതയാകുന്നു. ഈ സാഹിത്യസാമ്രാജ്യത്തിലെ ഏകപ്രജാപതി അദ്ദേഹമാകുന്നു. ഒററ ഇരിപ്പിനു പാരായണംചെയ്തു തീർക്കാനുള്ളതല്ല, ദിവസേന ഒരു നിശ്ചിത സമയത്തു കുറേശ്ശെ കുറേശ്ശെയായി വായിച്ചു് ഉൾക്കൊള്ളേണ്ടതാണു് കേശവമേനോൻ രചിച്ച സാന്ത്വനസാഹിത്യം. ഈ കൃതികൾ വാങ്ങി കിടപ്പുമുറികളിൽ കട്ടിൽത്തലയ്ക്കൽ സൂക്ഷിക്കുകയും ഓരോ ദിവസവും ഉറങ്ങാൻ പോകുന്നതിനു മുമ്പു് പത്തോ പതിനഞ്ചോ മിനിററു സമയം അവയിൽനിന്നു ചില ഭാഗങ്ങൾ നിഷ്ഠയോടെ കുട്ടികൾ (മുതിർന്നവരും) വായിക്കണമെന്നു നിർബന്ധിക്കുകയുംചെ

ച്ചിരുന്ന ചില ഗൃഹനാഥന്മാരെ എനിക്കറിയാം. ഇന്നു് അവർ ഈ പതിവു തുടരുന്നുണ്ടോ എന്തോ! തുടരുന്നുണ്ടെങ്കിൽ അതു തീർച്ചയായും നല്ലതാണ്. കേശവമേനോൻ ഈ ലഘൂപന്യാസങ്ങൾ എഴുതുന്ന കാലത്തുതന്നെ അവ പലതവണ വായിച്ചിട്ടുള്ള എനിക്കു് ഇപ്പോഴും അവയുടെ പാരായണം അനുപമമായ ഹൃദയനിർവൃതി നല്കുന്നുണ്ടു്. അവയിലൂടെ കേശവമേനോന്റെ സ്നേഹപൂർണവും അനുഗ്രാഹകവുമായ സജീവസാന്നിദ്ധ്യം ഞാൻ അനുഭവിക്കുന്നു.

(26 ഡിസംബർ, 1985)

# 64. സുനീൽ ജനാ

പ്രസ് ഫോട്ടോഗ്രാഫിയെപ്പററി ചിന്തിക്കുമ്പോഴെല്ലാം എന്റെ ഓർമ്മയിൽ ഉയർന്നുവരുന്ന ഒരു പേരു് ശ്രീ സുനീൽ ജനായുടേതാണു്. ആയിരത്തിത്തൊള്ളായിരത്തി നാല്പതുകളുടെ ആദ്യ വർഷങ്ങളിൽ ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടിയുടെ മുഖപത്രമായ 'പീപ്പിൾസ് വാറി'ന്റെ (പിന്നീടു് ഈ വാരികയുടെ പേരു് 'പീപ്പിൾസ് എയ്ജ്'' എന്നാക്കി മാററി) ആർട്ട് എഡിററർ ആയിരുന്നു സുനീൽ ജനാ. വാരികയുടെ എഡിററർ ശ്രീ പി. സി. ജോഷി ആയിരുന്നു. ഇന്ത്യയിൽ വലിയ ദിനപ്പത്രങ്ങൾക്കുതന്നെ അന്നു പ്രത്യേകമായി ഒരു കലാ–എഡിററർ ഉണ്ടായിരുന്നില്ല. അതിനാൽ, ഒരു വാരികയ്ക്കു് ഒരു കലാ–എഡിററർ ഉണ്ടാവുക എന്നതു് അസാധാരണമായിരുന്നു. അതുപോലെതന്നെ അസാധാരണമായിരുന്നു ആ വാരിക ഫോട്ടോഗ്രാഫുകൾക്കും രേഖാചിത്രങ്ങൾക്കും നൽകിയിരുന്ന പ്രാധാന്യവും. ഇന്ത്യയിലെ വ്യത്യസ്ത സംസ്ഥാനങ്ങളിലെ വിഭിന്ന ജനവിഭാഗങ്ങളുടെ മുഖച്ഛായകൾ എന്റെ ഹൃദയത്തിൽ ആദ്യമായി ആലേഖനംചെയ്യപ്പെട്ടതു്, 'പീപ്പിൾസ് വാറി'ൽ പ്രസിദ്ധീകരിച്ച സുനീൽ ജനായുടെ ഫോട്ടോഗ്രാഫുകളിലൂടെയായിരുന്നു. രണ്ടാം മഹായുദ്ധത്തിന്റെ അവസാന വർഷങ്ങളിൽ ഇന്ത്യയിലെങ്ങും നഗ്നതാണ്ഡവം നടത്തിയ ഭക്ഷ്യക്ഷാമത്തിന്റെയും, തൽഫലമായി പടർന്നുപിടിച്ച പകർച്ചവ്യാധികളുടേയും യഥാർത്ഥ സ്വരൂപം അന്നത്തെ പത്രവായനക്കാർ മനസ്സിലാക്കുന്നതിനു് സുനീൽ ജനായുടെ ഫോട്ടോഗ്രാഫുകൾപോലെ വേറെ ഒന്നും ഉപകരിച്ചിട്ടില്ല. രാഷ്ട്രീയ നേതാക്കളുടെ നീണ്ട പ്രസംഗങ്ങളായിരുന്നു അന്നൊക്കെ ഇന്ത്യൻ പത്രങ്ങളിലെ പ്രധാന വാത്തകൾ. പ്രസംഗിക്കുന്നവരുടെ മുഖം ചിത്രീകരിക്കുന്നതിനു മററു ഫോട്ടോഗ്രാഫർമാർ ശ്രമിച്ചിരുന്നപ്പോൾ, പ്രസംഗം കേട്ടുകൊണ്ടിരുന്ന ജനങ്ങളെ, അവരുടെ ആശാ–നിരാശകളോടും കോപതാപങ്ങളോടും കൂടെ, ചിത്രീകരിക്കാനാണു് സുനീൽ ജനാ മുതിർന്നതു്.

അതൊക്കെ കഴിഞ്ഞിട്ടു് നാല്പതു്–നാല്പത്തഞ്ചു വർഷങ്ങളായി. ഈയിടെ ഒരു വാരാന്തപ്പതിപ്പിൽ സുനീൽ ജനായെപ്പററി ഒരു ലേഖനവും, അദ്ദേഹത്തിന്റെ പഴയ ഏതാനും ഫോട്ടോഗ്രാഫുകളും പ്രസിദ്ധീകരിച്ചു കണ്ടപ്പോൾ എനിക്കു വളരെയധികം ആഹ്ളാദം തോന്നി. എന്റെ പ്രായ–സംഘത്തിൽപ്പെട്ട മററു പലർക്കും, ഈ ലേഖനം വായിച്ചെങ്കിൽ, ഇതേ അനുഭൂതിതന്നെ ഉണ്ടാകാതിരിക്കുകയില്ല.

സുനീൽ ജനാ ഇപ്പോൾ ലണ്ടനിലാണു പാർക്കുന്നതു് എന്നു മാത്രമേ ലേഖനത്തിൽനിന്നു് അദ്ദേഹത്തിന്റെ വർത്തമാനകാലാവസ്ഥയെപ്പററി മനസ്സിലറയുള്ളൂ. ഒരു ഫോട്ടോഗ്രാഫർ എന്ന നിലയിൽ അദ്ദേഹ